# ആദ്യത്തെ നയപ്രഖ്യാപനം

**ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഥമ അമീറായി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നു സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ചെയ്ത നയപ്രഖ്യാപന പ്രസംഗം**

ഞാൻ നിങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ പാണ്ഡിത്യമുള്ള ആളായിരുന്നില്ല. ഏറ്റവും കൂടുതൽ ഭക്തിയുള്ള ആളുമല്ല. എന്നെ നിങ്ങളേക്കാൾ പ്രത്യേക ശ്രേഷ്ഠനാക്കുന്ന പ്രത്യേക ഗുണവും എനിക്കില്ല. ഏതായാലും നിങ്ങൾ എന്നിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഈ മഹത്തായ ഭാരം എന്നെ ഏൽപിച്ചിരിക്കുകയാണല്ലോ. അതിനാൽ ഈ ഭാരം വഹിക്കുവാനുള്ള ശക്തി എനിക്കു തരുവാനും നിങ്ങൾ എന്നിലർപ്പിച്ച വിശ്വാസം നിരാശതയായി മാറാതിരിക്കാനും ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നു. നിങ്ങളും പ്രാർഥിക്കുക. ഈ ജോലി പൂർണമായ ദൈവഭയത്തോടും ഉത്തരവാദിത്ത ബോധത്തോടും കൂടി നിർവഹിക്കാൻ ഞാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കുന്നതാണ്. മനപൂർവം ഉത്തരവാദിത്വനിർവഹണത്തിൽ ഒരു വീഴ്ചയും ഞാൻ വരുത്തുകയില്ല. എന്റെ അറിവിനനുസരിച്ച് അല്ലാഹുവിന്റെ കിതാബും പ്രവാചകന്റെ സുന്നത്തും ഖുലഫാഉർറാശിദുകളുടെ മാതൃകയും പിൻപറ്റുന്നതിൽ ഒരു ഉപേക്ഷയും വരുത്തുകയില്ല. അതിനാൽ എന്നിൽ വല്ല അബദ്ധവും സംഭവിച്ചാൽ, അല്ലെങ്കിൽ ഞാൻ ശരിയായ പാതയിൽനിന്ന് തെറ്റിയതായി നിങ്ങളിലാർക്കെങ്കിലും അനുഭവപ്പെട്ടാൽ, ഞാനത് മനപൂർവം ചെയ്തതാണെന്ന് തെറ്റിദ്ധരിക്കരുത്. മറിച്ച് ഗുണകാംക്ഷാപൂർവം സദുപദേശത്തിലൂടെ എന്നെ നേരെയാക്കാനായിരിക്കണം ശ്രമിക്കുന്നത്. എന്റെ സുഖസൗഖ്യങ്ങൾക്കും വ്യക്തിപരമായ താൽപര്യങ്ങൾക്കുമപരി ജമാഅത്തിന്റെ താൽപര്യത്തിനും പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകുക, ജമാഅത്തിന്റെ ഘടന കാത്തുസൂക്ഷിക്കുക, പ്രവർത്തനങ്ങൾക്കിടയിൽ നീതിയിലും വിശ്വസ്തതയോടു കൂടിയും പെരുമാറുക, ജമാഅത്ത് വിശ്വസിച്ചേൽപിക്കുന്ന കാര്യങ്ങൾ സംരക്ഷിക്കുക, എല്ലാറ്റിലുമുപരിയായി എന്റെ മനസ്സിന്റെയും ശരീരത്തിന്റെയും എല്ലാ കഴിവുകളും ജമാഅത്ത് നിലവിൽ വന്നത് ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ ആ ലക്ഷ്യത്തിന്റെ മാർഗത്തിൽ വിനിയോഗിക്കുക- ഇതെല്ലാം നിങ്ങളോടുള്ള എന്റെ ബാധ്യതകളാണ്. ഞാൻ ശരിയായ മാർഗത്തിലൂടെ ചലിച്ചുകൊണ്ടിരുക്കുമ്പോൾ എന്നോടൊപ്പം നടക്കുക, എന്റെ കൽപനകൾ അനുസരിക്കുക, ഉത്തമമാകുന്ന നിർദേശങ്ങളും സാധ്യമാകുന്ന സഹായങ്ങളും തന്ന് എനിക്കു ബലമേകുക, ജമാഅത്തിന്റെ ഘടന ശിഥിലമാക്കുന്ന പ്രവർത്തനങ്ങളിൽ നിന്നു വിട്ടുനിൽക്കുക എന്നതാണ് നിങ്ങൾക്കു എന്നോടുള്ള ബാധ്യതകൾ. എനിക്ക് ഈ പ്രസ്ഥാനത്തിന്റെ വലിപ്പത്തെയും എന്റെ പോരായ്മകളെയും കുറിച്ച് നല്ല ബോധ്യമുണ്ട്. 'ഉലുൽ അസ്മുക്ക'ളായ പ്രവാചകന്മാർ നേതൃത്വം നൽകിയ, പ്രവാചകത്വ കാലഘട്ടത്തിനു ശേഷം മനുഷ്യകുലത്തിലെ മാണിക്യ രത്നങ്ങളായിരുന്ന മഹദ് വ്യക്തികൾ ഏറ്റെടുത്തു നടത്തിയ, ഒരു പ്രസ്ഥാനമാണിത്. ഈ മഹത്തായ പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ ഞാൻ യോഗ്യനാണെന്ന തെറ്റിദ്ധാരണ ഒരിക്കലും എനിക്കുണ്ടായിട്ടില്ല. മറിച്ച് ഈ മഹദ്കൃത്യത്തിന് എന്നേക്കാൾ നല്ല ഒരാളെ കണ്ടെത്താൻ നിങ്ങൾക്ക് സാധിക്കാതെ വന്നത് ഒരു നിർഭാഗ്യമായാണ് ഞാൻ കരുതുന്നത്. ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നതിനിടയിൽ, എന്നേക്കാൾ യോഗ്യനായ ഒരാളെ കണ്ടെത്താൻ കൂടി ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതാണെന്ന് ഞാൻ നിങ്ങൾക്കുറപ്പു തരുന്നു. അത്തരമൊരു വ്യക്തിയെ കിട്ടിയാൽ ഏറ്റവും ആദ്യമായി അദ്ദേഹത്തിന് 'ബൈഅത്ത്' ചെയ്യുന്നത് ഞാനായിരിക്കും. മാത്രമല്ല, എന്നെക്കാൾ മെച്ചപ്പെട്ട ഒരാളെ കിട്ടിയിട്ടുണ്ടെങ്കിൽ അദ്ദേഹത്തെ അമീറായി തെരഞ്ഞെടുക്കണമെന്ന് ഓരോ പൊതുസമ്മേളനത്തിൽവെച്ചും ഞാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കും. അദ്ദേഹത്തിനു വേണ്ടി ഈ സ്ഥാനം സസന്തോഷം ഒഴിഞ്ഞുകൊടുക്കാൻ ഞാൻ സന്നദ്ധനായിരിക്കും. ഒരിക്കലും അല്ലാഹുവിന്റെ മാർഗത്തിൽ ഒരു തടസ്സമായി ഞാൻ നിൽക്കുകയില്ല. അയോഗ്യനായ ഒരു വ്യക്തി നേതൃത്വം നൽകുന്നതുകൊണ്ടാണ് തങ്ങൾ ഈ പ്രസ്ഥാനത്തിൽ ചേരാതിരിക്കുന്നത് എന്ന് ആളുകൾക്ക് പറയാൻ ഒരിക്കലും ഞാൻ അവസരം നൽകുകയില്ല. യോഗ്യനായ ഒരാൾ വരുമ്പോൾ നിങ്ങൾ ഏൽപിച്ച ഈ പദവി അദ്ദേഹത്തിനുവേണ്ടി ഒഴിഞ്ഞുകൊടുക്കാൻ ഏതവസരത്തിലും ഞാൻ സന്നദ്ധനായിരിക്കും. എന്നാൽ മറ്റാരും ഈ ജോലി നിർവഹിക്കാൻ മുന്നോട്ട് വരാതിരിക്കുമ്പോൾ ഞാനും മുന്നോട്ടു വരാതിരിക്കുക എന്നത് ഒരിക്കലും ഞാൻ ചെയ്യുകയില്ല. എന്നെ സംബന്ധിച്ചിടത്തോളം ഈ പ്രസ്ഥാനം എന്റെ ജീവിതത്തിന്റെ ലക്ഷ്യമാകുന്നു. ഞാൻ ജീവിക്കുന്നതും മരിക്കുന്നതും ഇതിനുവേണ്ടിയാണ്. ആരും മുന്നോട്ടു വന്നില്ലെങ്കിൽ ഞാൻ സ്വയം മുന്നോട്ടു വരും. ആരും കൂടെ വരില്ലെങ്കിൽ ഞാൻ ഒറ്റക്ക് മുന്നോട്ടു നീങ്ങും. ലോകം മുഴുവൻ ഒറ്റക്കെട്ടായി എതിർത്താലു ഞാൻ ഒറ്റക്ക് പടപൊരുതും.

അവസാനമായി ഒരു കാര്യം സ്പഷ്ടമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഫിഖ്ഹിലും ഇൽമുൽകലാമിലും എനിക്ക് സ്വന്തമായൊരു സരണിയുണ്ട്. സ്വന്തം പഠന ഗവേഷണങ്ങളുടെ ഫലമായി ഞാൻ സ്വീകരിച്ചതാണത്. കഴിഞ്ഞ എട്ടു വർഷമായി 'തർജുമാനുൽ ഖുർആൻ' വായിക്കുന്നവർക്ക് അറിയാവുന്നതുമാണ്. ഇപ്പോൾ ഞാൻ ഈ ജമാഅത്തിന്റെ അമീറായിരിക്കുന്ന സ്ഥിതിക്ക് ഒരു കാര്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഫിഖ്ഹിലും കലാമിലും ഞാൻ മുമ്പ് എഴുതിയിട്ടുള്ളതും ഇനി എഴുതുന്നതും പറയുന്നതും ജമാഅത്തിന്റെ അമീർ എന്ന നിലക്കുള്ള തീരുമാനമായിരിക്കയില്ല. മറിച്ച് എന്റെ വ്യക്തിഗതമായ അഭിപ്രായമായിരിക്കും അത്. എന്റെ ഈ അഭിപ്രായങ്ങളെ ജമാഅത്തിലെ പണ്ഡിതന്മാരുടെ മേൽ അടിച്ചേൽപിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുപോലെ എന്റെ വൈജ്ഞാനിക ഗവേഷണത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും ജമാഅത്തിന്റെ ഭാഗത്ത് നിന്ന് നിയന്ത്രണമേർപ്പെടുത്തുന്നതും ഞാൻ ഇഷ്ടപ്പെടുന്നില്ല. അതിനാൽ ജമാഅത്ത് പ്രവർത്തകരോട് അല്ലാഹുവിന്റെ പേരിൽ ഞാൻ ആവശ്യപ്പെടുകയാണ്, ഫിഖ്ഹും ഇൽമുൽ കലാമുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള എന്റെ അഭിപ്രായങ്ങളെ മറ്റുള്ളവരുടെ മുമ്പിൽ പ്രമാണമായി നിങ്ങൾ അവതരിപ്പിക്കരുത്. അതുപോലെ, എന്റെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ചെയ്യുന്ന പ്രവർത്തനങ്ങൾ മറ്റുള്ളവർ തെളിവാക്കരുത്. അത്തരം പ്രവർത്തനങ്ങളെ, അത് ഞാൻ ചെയ്തതാണെന്നതുകൊണ്ട് മാത്രം അനുകരിക്കുകയും ചെയ്യരുത്. അറിവില്ലാത്ത ആളുകൾ തങ്ങൾക്ക് വിസ്വാസമുള്ള ആളുകളുടെ അറിവിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കട്ടെ.

ഇത്തരം കാര്യങ്ങളിൽ എന്നോടു വിയോജിക്കുന്നതിനും സ്വന്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും നിങ്ങൾക്ക് പൂർണസ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. ശാഖാപരമായ കാര്യങ്ങളിലുള്ള അഭിപ്രായഭിന്നത നിലനിർത്തിക്കൊണ്ടും, പരസ്പരം ചർച്ചയും സംവാദവും നടത്തിക്കൊണ്ടും ഒരു ജമാഅത്തായി തുടരാൻ നമുക്ക് സാധിക്കും. സഹാബിവര്യന്മാർക്ക് സാധിച്ചത് പോലെ.